8244
16/8/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എറണാകുളം ചമ്പക്കര മഹിളാമന്ദിരത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.490/2014/സാനീവ  തിരുവനന്തപുരം, തീയതി, 06.08.2014.

=====================================================================

പരാമർശം: 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21.06.2014 ലെ എഫ്5 - 9464/14 നമ്പർ കത്ത്.

2. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ചമ്പക്കര മഹിളാമന്ദിരത്തിന്റ അറ്റകുറ്റപണികൾ നടത്തുന്നതിനായി 2013 CPWD SOR പ്രകാരം 27 ലക്ഷം രൂപയുടെ, എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള നിർദ്ദേശം പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത നിർദ്ദേശം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, എറണാകുളം ചമ്പക്കരയിലെ മഹിളാമന്ദിരത്തിന്റ അറ്റകുറ്റപണികൾ നടത്തുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്ക് 27,00,000/- രൂപ (ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തെ 4235-02-800-99 (പി) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ